LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ

30(*270) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു*. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു* കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു*

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.
2. ടൈസ്സ്റ്റർ വിതരണം
3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി
4. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. സ്വയംസഹായ സംഘങ്ങളുടെ പരിപോഷണം

6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)

7. എൻ.എച്ച്.എഫ്.ഡി.സി. വായ്പ

8. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്

9. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്കുവേണ്ടി സ്ഥിര നിക്ഷേപ പദ്ധതി

10. പാഠശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ.

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യംവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്യുവരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽത്തന്നെ തുടർന്നുകൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുപുറമേ സമഗ്ര ശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കിവരുന്നു. ആയത് അനുബന്ധം II ആയി ചേർക്കുന്നു*.

(ബി) അനുയാത്ര പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള "ജീവിതചക്ര സമീപനമാണ്" അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. ഘട്ടംഘട്ടമായിട്ടാണ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.* അനുയാത്ര പദ്ധതിയിലൂടെ ഇതിനകം ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു*

(സി) ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം' (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു. സ്പെക്ട്രം (SPECTRUM) പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

(a) ഓട്ടിസം സെന്ററുകൾ

(b) റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

(c) രക്ഷിതാക്കൾക്കുള്ള പരിശീലനം (വിശദാംശങ്ങൾ വിശദീകരണ ക്കുറിപ്പിൽ ചേർക്കുന്നു.)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉൾപ്പെടെ 50 ശതമാനത്തിലധികം ഭിന്നശേഷിത്വമുള്ള 12 വയസ്സിൽ താഴെ പ്രായവും ഒരു ലക്ഷത്തിൽ കുറവ് വാർഷിക വരുമാനവുമുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ സ്ഥിരനിക്ഷേപം നടത്തിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ വായ്പയും ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങളും നൽകിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി സമഗ്ര ശിക്ഷാ കേരള മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 168 ബി.ആർ.സി.-കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചു.

2. ഈ ഓട്ടിസം സെന്ററുകളിലെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ വിഭാഗത്തിലുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും ആയമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

3. ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകിവരുന്നു.

4. കോവിഡ് 19 കാലത്ത് ഇവർക്ക് പഠന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വീഡിയോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

5. വീടുകളിൽ തെറാപ്പി സൗകര്യമൊരുക്കുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക വീഡിയോകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly